**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1147** 05-03-2020 ൽ മറുപടിക്ക്

**പാറശ്ശാല മണ്ഡലത്തിൽ അർഹരായവർക്ക് കൈവശഭൂമിക്ക് പട്ടയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

(എ) പാറശ്ശാല മണ്ഡലത്തിൽ നിന്നും 2016 ജൂൺ മുതൽ 2020 ജനുവരി വരെയുള്ള കാലയളവിൽ പട്ടയം അനുവദിച്ച് കിട്ടുന്നതിലേക്കായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നുള്ള കണക്ക് വില്ലേജ് അടിസ്ഥാനത്തിൽ നൽകാമോ;

(എ) 2016 ജൂൺ മുതൽ 2020 ജനുവരി വരെയുള്ള കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ നിന്നും പട്ടയത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം | വില്ലേജ് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | വെള്ളറട | 197 |
| 2 | പരശുവയ്ക്കൽ | 57 |
| 3 | കൊല്ലയിൽ | 52 |
| 4 | പാറശ്ശാല | 16 |
| 5 | പെരുങ്കടവിള | 15 |
| 6 | കുന്നത്തുകാൽ | 14 |
| 7 | ആനാവൂർ | 8 |
| | **ആകെ** | **359** |

(ബി) അപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ എത്രപേർക്ക് പട്ടയം അനുവദിച്ചു എന്നതിന്റെ കണക്ക് വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) 2016 ജൂൺ മുതൽ 2020 ജനുവരി വരെ ലഭിച്ച അപേക്ഷകളിൽ പട്ടയം നൽകിയിട്ടുള്ളവരുടെ എണ്ണം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം | വില്ലേജ് | പട്ടയം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | വെള്ളറട | 61 |
| 2 | പരശുവയ്ക്കൽ | - |
| 3 | കൊല്ലയിൽ | 18 |
| 4 | പാറശ്ശാല | - |
| 5 | പെരുങ്കടവിള | 2 |
| 6 | കുന്നത്തുകാൽ | - |
| 7 | ആനാവൂർ | 7 |
| | **ആകെ** | **88** |

ആയത് കൂടാതെ പാറശ്ശാല മണ്ഡലത്തിൽ നിന്നും നിലവിൽ 36 കേസുകളിൽ പട്ടയ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും ടി കേസുകളിൽ ഉടൻ തന്നെ പട്ടയം നല്കാൻ സാധിക്കുന്നതുമാണ്.

| | | | |
|---|---|---|---|
| (സി) | എത്ര അപേക്ഷകളിന്മേൽ ഇനി പട്ടയം അനുവദിക്കുവാനുണ്ടെന്നും, പ്രസ്തുത നടപടി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ; | (സി) | 271 അപേക്ഷകളിന്മേൽ നിലവിൽ പട്ടയം നൽകാൻ ബാക്കിയുണ്ട്. പ്രസ്തുത അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസറുടെ പരിശോധനാ റിപ്പോർട്ട്, മഹസ്സർ തുടങ്ങിയവ പരിശോധിച്ച് യോഗ്യത ഉറപ്പ് വരുത്തി 12 (1) പരസ്യപ്പെടുത്തി ആക്ഷേപരഹിതമായി മടങ്ങുന്നവ TLAC (Taluk Land Assignment Committee) യിൽ വച്ച് അംഗീകാരം കിട്ടുന്നതോടെ മാത്രമേ പട്ടയം അനുവദിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത നടപടികൾ പൂർത്തിയാക്കാനുള്ള കാലതാമസം മാത്രമാണ് ഇത്തരം അപേക്ഷകളിൽ അവശേഷിക്കുന്നത് എന്ന് ജില്ലാ കളക്ടർ വ്യക്തമാക്കുന്നു. |
| (ഡി) | പാറശ്ശാല നിയോജക മണ്ഡലത്തിൽ വിവിധ വില്ലേജുകളിലായി പുറമ്പോക്കിൽ കഴിയുന്നവരുൾപ്പെടെയുള്ളവരിൽ അർഹരായവർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് നടത്തിയ പ്രവർത്തനം എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ഡി) | അർഹരായവർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനായി കൈവശഭൂമി, പതിവിന് വിധേയമായ ഭൂമിയുടെ പട്ടികയിൽ ഉൾപ്പെടുന്നതാണോ എന്നും കക്ഷിക്ക് പതിവിന് അർഹതയുണ്ടോയെന്നും പരിശോധിച്ച് പട്ടയം നൽകി വരുന്നു. എന്നാൽ പതിവിന് വിധേയമല്ലാത്ത റോഡ്, കുളം, തോട്, പാറ, വനം തുടങ്ങിയ ഭൂമികളാണ് കൈവശ ഭൂമിയെങ്കിൽ, സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ടി വരും. പതിവിന് വിധേയമല്ലാത്ത മേൽ ഇനം പുറമ്പോക്കിൽ കഴിയുന്ന അപേക്ഷകർ 01.01.1992 ന് മുമ്പ് കൈവശമുണ്ടെങ്കിൽ അർഹത പരിശോധിച്ച് അവർക്ക് കൈവശരേഖ നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**